

TUESDAY 04/03/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: Suresh A R** **Editor: Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/02/2025

1. ഗവൺമെൻറ് ഓറഞ്ച് & ആൻറ് വെജിറ്റബിൾ ഫാം നെല്ലിയാമ്പതിയുടെ നേതൃത്വത്തിൽ അഗ്രി ഹോർട്ടി ടൂറിസം ഫെസ്റ്റ് NATOURA '25 എന്ന പേരിൽ ഫെബ്രുവരി 6 മുതൽ 10 വരെ സംഘടിപ്പിക്കുന്നു. കാർഷികാനുബന്ധ പ്രദർശന വിപണന സ്റ്റാളുകൾ, സെമിനാറുകൾ, ശില്പശാലകൾ, ഫ്ളവർ ഷോ, പോളിഹൗസ് ഹൈടെക്ക് കൃഷി & ഓപ്പൺ പ്രിസിഷൻ ഫാമിംഗ് പ്ലോട്ടുകളുടെ സന്ദർശനം, സ്ട്രോബെറി കൃഷി, പാഷൻ ഫ്രൂട്ട് കൃഷി തുടങ്ങിയ പഴവർഗ കൃഷിയിട സന്ദർശനം, കാർഷിക ക്വിസ് മത്സരം, കുതിര സവാരി, കലാ കായിക മത്സരങ്ങൾ, കലാവിരുന്നുകൾ, ഭക്ഷ്യമേള തുടങ്ങിയവ സന്ദർശകർക്കായി ഫെസ്റ്റിൽ സജ്ജമാക്കിയിട്ടുണ്ട്. കർഷകർക്കും വിദ്യാർത്ഥികൾക്കും ഉള്ള ക്വിസ് മത്സരങ്ങൾ, ഔഷധ സസ്യ കൃ

2. ഷിയും സംരക്ഷണവും എന്ന വിഷയത്തിലുള്ള സെമിനാർ, യുവ കർഷകർക്കായുള്ള ഹൈടെക്ക് കൃഷി പരിശീലന പരിപാടി, ഫാം ആൻറ് ഇക്കോ ടൂറിസം വർക്ക് ഷോപ്പ്, 'നെല്ലിയാമ്പതി ഇന്നലെ ഇന്ന് നാളെ' വിഷയത്തിലൂന്നിയുള്ള ഓപ്പൺ ഫോറം, വൈകുന്നേരങ്ങളിൽ കലാവിരുന്നുകൾ, വോളിബോൾ ടൂർണമെൻറ് മുതലായ വൈവിധ്യമാർന്ന പരിപാടികൾ ഇതോടനുബന്ധിച്ച് നടത്തപ്പെടുന്നു. ഈപരിപാടിയുടെ ഉദ്ഘാടന കർമ്മം 06.02.2025ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് നിർവ്വഹിക്കുന്നതാണ്. നെന്മാറ നിയോജകമണ്ഡലം എം.എൽ.എ. കെ .ബാബു ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കുന്നു .

3. കുട്ടനാട്ടിൽ പുഞ്ചകൃഷി ഇറക്കിയ, പ്രത്യേകിച്ച് മനുരത്ന ഇനം കൃഷി ചെയ്ത പാടശേഖരങ്ങളിൽ ബ്ലാസ്റ്റ് രോഗത്തിൻ്റെ സാന്നിദ്ധ്യം കാണുന്നു. രോഗം ബാധിച്ച നെല്ലോലകളിൽ കണ്ണിൻ്റെ ആകൃതിയിൽ പ്രത്യക്ഷപ്പെടുന്ന പൊട്ടുകളുടെ മദ്ധ്യഭാഗം ചാരനിറമുള്ളതും, അരികുകൾ കടും തവിട്ടുനിറത്തിലുള്ളതും ആയിരിക്കും. രോഗം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രൂക്ഷമാകുമ്പോൾ ഓലകൾ ഒന്നായി കരിയുന്നു. കതിര് പുറത്ത് വരുന്ന സമയത്ത് കതിരിൻ്റെ ആദ്യമുട്ട് രോഗാക്രമണം മൂലം കറുത്ത് ദുർബ്ബലമായി കതിരുകൾ ഒടിഞ്ഞു തൂങ്ങുന്നു. അപൂർവ്വമായി തണ്ടുകളുടെ ഇടമുട്ട് ഭാഗത്തും ഈ രോഗം ഉണ്ടാകാം. പുഷ്പിക്കുന്നതിന് മുമ്പ് വരെയുള്ള കാലഘട്ടത്തിൽ നെല്ലോലകളുടെ വിസ്തീർണ്ണതയിൽ 5 മുതൽ 10 ശതമാനം വരെ രോഗം ബാധിക്കുകയോ, പുഷ്പിച്ചതിന് ശേഷം 5 ശതമാനം വരെ ഇപ്രകാരം സംഭവിക്കുകയോ ചെയ്താൽ അത് കൃഷി നാശത്തിന് ഇടവരുത്തും. സംസ്ഥാന കീടനിരീക്ഷണകേന്ദ്രം ഉദ്യോഗസ്ഥർ അതാത് കൃഷിയിടങ്ങൾ സന്ദർശിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതാണ്. കർഷകർക്ക് കൃഷി ഭവനുമായി 9633815621, 9496764141 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

4. കോട്ടയം ജില്ലാ പഞ്ചായത്ത്, മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, ഉഴവൂർ ബ്ലോക്ക് എന്നിവയുടെ 2024-25 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി, കറവപ്പശുക്കൾക്ക് ഇൻഷുറൻസ് ധനസഹായം എന്നീ പദ്ധതികൾക്കു പഞ്ചായത്തിൻ്റെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട ക്ഷീരകർഷകരിൽനിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ മാഞ്ഞൂർ ക്ഷീരസംഘത്തിൽനിന്നു ലഭിക്കും. അപേക്ഷ ഫെബ്രുവരി അഞ്ചിനുള്ളിൽ സംഘങ്ങളിൽ നൽകണം. ക്ഷീരസംഘത്തിൽ പാൽ അളക്കാത്ത കർഷകർ അപേക്ഷയോടൊപ്പം വെറ്ററിനറി സർജൻ്റെ സാക്ഷ്യപത്രവും നൽകണം. കൂടുതൽ വിവരങ്ങൾക്ക് മാഞ്ഞൂർ ക്ഷീര വികസന യൂണിറ്റുമായി 04829-243878 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. പ്രധാനമന്ത്രി മത്സ്യസമ്പദ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരുജല കൂട് കൃഷി യൂണിറ്റുകൾ സ്റ്റോറേജ് ഫെസിലിറ്റിയോട് കൂടിയ ഫിഷ് ഓട്ടോ കിയോസ്ക്, പോർട്ടബിൾ സോളാർ ഡ്രയർ, സീ സോഫ്റ്റി കിറ്റ് എന്നിവയ്ക്കായി ഇരവിപുരം സൗത്ത്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

മത്സ്യഗ്രാമത്തിലെ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഫെബ്രുവരി എട്ട് വൈകിട്ട് അഞ്ചിനകം ഇരവിപുരം/ മയ്യനാട് മത്സ്യഭവനിലോ, ജില്ലാ ഓഫീസിലോ നൽകണം. ഫോൺ: 0474-2792850.

6. ഫിഷറീസ് വകുപ്പ് എറണാകുളം ജില്ലാ ഓഫീസ് മുഖേന നടപ്പിലാക്കുന്ന പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന പദ്ധതി (പിഎംഎംഎസ് വൈ) യുടെ ഭാഗമായുള്ള മത്സ്യ വിപണന കേന്ദ്രം (കിയോസ്ക്) ഘടക പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഉദയംപേരൂർ, ചെല്ലാനം, ഞാറക്കൽ, മുനമ്പം, കൊച്ചി, ആലുവ, എറണാകുളം മത്സ്യഭവനുകളിൽ സ്വീകരിക്കും. അവസാന തീയതി: ഫെബ്രുവരി ഏഴ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484-2394476. (ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരെ)

## പരിശീലന പരിപാടി

7. കേരള കാർഷിക സർവ്വകലാശാല, അഗ്രി ബിസിനസ്സ് ഇൻക്യുബേറ്റർ,ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ സംരംഭകത്വ വികസനം എന്ന വിഷയത്തിൽ, ഇന്ന് (04/02/2025) പ്രായോഗിക ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പര്യം ഉള്ളവർ രജിസ്റ്റർ ചെയ്യാനും കൂടുതൽ വിവരങ്ങൾ അറിയാനും 0487 2438332 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

8. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് NIRT, റബർ ബോർഡ് 2025 ഫെബ്രുവരി മാസം 10 മുതൽ 14 വരെ ലാറ്റക്സ് കളക്ഷൻ പ്രിസർവേഷൻ ആൻഡ് കോൺസെൻട്രേഷൻ, കോമ്പൗണ്ടിംഗ് ഇൻഗ്രേഡിയൻസ്, ലാറ്റക്സ് കോമ്പൗണ്ടിംഗ്, റബർ ബാൻഡ് ഉൽപാദനം, കൈയുറകൾ, ലാറ്റക്സ് ഉൽപ്പന്നങ്ങളുടെ പരിശോധനയും ഗുണനിലവാര നിയന്ത്രണവും എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. പരിശീലന

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫീസ് 4425 രൂപ. കൂടുതൽ വിവരങ്ങൾക്ക് 0481 2353201, 9446976726 എന്നീ ഫോൺ നമ്പറിലോ, training.rubber.board.org എന്ന വെബ്സൈറ്റോ സന്ദർശിക്കുക

**മൃഗ സംരക്ഷണ നിർദ്ദേശം**

9. ജില്ലയിൽ ചൂട് കടുത്തതിനാൽ വളർത്തുമൃഗങ്ങൾക്ക് കരുതൽ വേണമെന്ന് മൃഗസംരക്ഷണ വകുപ്പ് അധികൃതർ മുന്നറിയിപ്പ് നൽകി. ഇതുമായി ബന്ധപ്പെട്ട് പ്രത്യേക മാനദണ്ഡങ്ങളും പുറത്തിറക്കി. കടുത്ത വേനലിൽ വളർത്തുമൃഗങ്ങൾക്ക് സൂര്യാഘാതമേൽക്കാൻ സാധ്യത ഏറെയാണെന്നും പകൽ 11നും ഉച്ചക്ക് മൂന്നിനും ഇടയിൽ തുറസ്സായ സ്ഥലങ്ങളിൽ മേയാൻ വിടരുതെന്നും പാടത്ത് കെട്ടിയിടരു തെന്നും അധികൃതർ അറിയിച്ചു. ആസ്ബസ്റ്റോസ് ഷീറ്റോ തകര ഷീറ്റോ കൊണ്ട് മേഞ്ഞ കൂടാരങ്ങളിൽനിന്ന് പുറത്തിറക്കി മരത്തണലിൽ കെട്ടാൻ ശ്രദ്ധിക്കണം. തൊഴുത്തിൽ മുഴുവൻ സമയവും ഫാനുകൾ പ്രവർത്തിപ്പിക്കുന്നത് നല്ലതാണ്. തെങ്ങോല, ടാർപോളിൻ എന്നിവയിൽ ഏതെങ്കിലും ഉപയോഗിച്ച് മേൽക്കൂരക്ക് കീഴെ സീലിങ് ഒരുക്കുന്നതും ചൂട് കുറക്കും. സ്പ്രിംഗ്ലർ, ഷവർ എന്നിവ ഉപയോഗിച്ച് അരമണിക്കൂർ കൂടുമ്പോൾ പശുക്കളെ നനയ്ക്കുന്നത് ഉഷ്ണസമ്മർദം കുറക്കാൻ സഹായിക്കും. നിർജലീകരണം തടയാനും പാൽ കറവ നഷ്ടം കുറക്കാനും തൊഴുത്തിൽ 24 മണിക്കൂറും തണുത്ത കുടിവെള്ളം ലഭ്യമാക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം